**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4799** **27.10.2016- ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്ന കോൺട്രാക്ടർമാർ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഡി.കെ. മുരളി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്ന കോൺട്രാക്ടർമാർ പ്രവൃത്തി യഥാസമയം സമയബന്ധിതമായി പൂർത്തിയാക്കാതെ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്ന ചില കോൺട്രാക്ടർമാർ പ്രവൃത്തി യഥാസമയം സമയബന്ധിതമായി പൂർത്തിയാക്കാതെ വീഴ്ച വരുത്താറുണ്ട്. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ കരാറുകാരുടെ അഭ്യർത്ഥന പ്രകാരം പ്രവൃത്തിയുടെ കാലാവധി നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തര ഉത്തരവാദിത്വത്തിൽ പ്പെടുത്തി കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുന:ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണെന്ന് വിശദമാക്കുമോ? | (സി) | കുറ്റക്കാർക്കെതിരെ നിയമപരമായി വിട്ടുവീഴ്ചയില്ലാതെ നടപടിയെടുക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. നിശ്ചിതകാലയളവിനു മുമ്പ് കരാറുകാരന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾ മൂലം തകരാറുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരന്റെ ചെലവിൽ അത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാറുണ്ട്. അനർഹമായ ലാഭമുണ്ടാക്കുക എന്ന ഉദ്ദേശത്തോടെ പ്രവൃത്തികളിൽ ഗുരുതരമായ ഗുണനിലവാരത്തകർച്ച വരുത്തുന്ന പക്ഷം പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കൂടാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വകുപ്പ്തല നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ